പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3301

25.06.2012-ൽ മറുപടിക്ക്

# മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ നിർമ്മാണം

ചോദ്യം | മറുപടി

| | | | |
|---|---|---|---|
| | ശ്രീ. പി. ബി. അബ്ദുൾ റസാക്ക് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ നിർമ്മാണം സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുകയും ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ നിർമ്മാണം ഒരു വർഷ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിക്കുവേണ്ടിയുള്ള 2012-13 ബഡ്ജറ്റിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. SDG യിൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഹാർബറിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (ബി) | ടി പ്രവൃത്തിക്കുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും CWPRS മോഡൽ സ്റ്റഡി നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി പഠനം നടത്തുകയും പ്രവൃത്തിയുടെ TEFR കേന്ദ്ര സർക്കാരിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. CRZMA യിൽ നിന്നും EIA Clearance ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. തുടർന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും ലഭിക്കേണ്ടതുണ്ട്. |
| (സി) | സമയബന്ധിതമായി പ്രസ്തുത ഹാർബർ നിർമ്മാണത്തിന് അനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (സി) | കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരവും പ്രോജക്ടിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള അംഗീകാരവും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഈ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ